വിഷയം: വേഗത്തിൽ നീങ്ങുന്ന
ഘടികാരസൂചി

# നഷ്ടപ്പെട്ട കഥാപാത്രം

സമയം ഏതാണ്ട് അഞ്ച് മണിയോട് അടുത്ത് ആറുമണിയിലേയ്ക്ക് എത്താറായിരിക്കുന്നു. സൂര്യൻ പതിയെ മങ്ങി തുടങ്ങി. വിജനതയിൽനിന്ന് തന്റെ കർത്തവ്യനിർവഹണത്തിനായി എത്തിയ സൂര്യൻ വിജനതയിലേയ്ക്കുതന്നെ മടങ്ങുകയാണ്. സൂര്യൻ തന്നെ അനുകരിക്കുകയാണോ? ബാലൻ മാഷ് ഒരു നിമിഷം ചിന്തിച്ചു. പിന്നീട് ആ ചിന്തയെ തിരുത്തിക്കൊണ്ട് അദ്ദേഹം തന്നെ തിരുത്തി ചിന്തിച്ചു. ഏയ് അല്ല,, സൂര്യൻ തന്റെ കർത്തവ്യത്തിൽനിന്ന് എന്നന്നേയ്ക്കുമായി വിരമിക്കുകയല്ലല്ലോ ഒരു ചെറുകാല ഇടവേള മാത്രമല്ലേ അത്

കുതിച്ചുപായുന്ന ട്രെയിനിൽ ഇരുന്നുകൊണ്ട് പുറകോട്ട് സഞ്ചരിക്കാൻ കഴിയാത്ത സമയത്തെ അദ്ദേഹം പുറകോട്ടേയ്ക്ക്

സഞ്ചരിപ്പിച്ചു.

ഏകദേശം ഇതുപോലൊരു ട്രെയിൻ യാത്ര തന്നെയായിരുന്നു ഇന്നത്തെ വൃദ്ധനായ ബാലൻമാഷിനെ വീണ്ടും ഇങ്ങനെയൊരു യാത്രയ്ക്കായി പ്രേരിപ്പിച്ചത്. ശീതപേശികൾ നിറഞ്ഞുപെയ്യുന്ന ഒരു രാവ്. ഇടിയും, മഴയും മത്സരിച്ചുതന്നെ സഞ്ചരിക്കുന്നു. ഒപ്പം കൂട്ടിനായ് ഒരു കാറ്റും ഉണ്ട്. കൊടുംകാറ്റെന്നോ ഇളം കാറ്റെന്നോ വിശേഷിപ്പിക്കാനാവാത്ത ഒരു പ്രത്യേകതരം കാറ്റ്. മഴയെ ആ കാറ്റ് അതിന് സഞ്ചരിക്കാൻ കഴിയുന്നതിലും ദൂരത്തേയ്ക്ക് കൊണ്ടുപോയി. ട്രെയിനിൽ ഇരുന്നുകൊണ്ട് '25' വയസുകാരൻ ബാലൻ ഇതെല്ലാം നോക്കികാണുന്നുണ്ടായിരുന്നു. താൻ എത്തിച്ചേരാൻ പോകുന്ന ആ സ്ഥലത്തെക്കുറിച്ച് അയാൾ സ്വന്തമായി ഒരു ഭാവന സൃഷ്ടിച്ചു. ഇന്നേവരെ കണ്ടിട്ടില്ലാത്ത ഒരുകൂട്ടം ആളുകൾ. അവർ

എങ്ങനെയായിരിക്കും തന്നോടു പെരുമാറുക? അവിടെ തന്നെ സ്നേഹിക്കാൻ ആരെങ്കിലും ഉണ്ടാകുമോ? അതോ താൻ ഒറ്റയ്ക്കായിരിക്കുമോ? മനസിൽ ഒരു ചോദ്യാവലിതന്നെ അയാൾക്കുണ്ടായിരുന്നു. മാനസികപിരിമുറുക്കത്തെ മറയ്ക്കാൻ അയാൾ തന്റെ കണ്ണടകളൂരി, നീണ്ട തൂവെള്ള തുവാല നിവർത്തി മുഖത്ത് രൂപപ്പെട്ട ഉപ്പുരസമുള്ള നീർചാലുകളെ അയാൾ തുടച്ചുമാറ്റി. ദീർഘമായ ഒരു ശ്വാസത്തെ അയാൾ തന്റെ ശ്വാസകോശത്തിലൂടെ കടത്തിവിട്ടു. സ്റ്റേഷനുകൾ മാറി വന്നു, ഒപ്പം മണ്ണിന്റെയും കാറ്റിന്റെയും ഗന്ധവും; അയാളുടെ ചുണ്ടുകൾ വിറയ്ക്കുന്നുണ്ടായിരുന്നു. കൈയിലെ ചെറുസഞ്ചിയിൽ കരുതിയിരുന്ന ഒരു കണ്ണാടി അയാൾ പുറത്തെടുത്തു, '25' വർഷങ്ങളായി എന്നും മുടങ്ങാതെ കണ്ടുകൊണ്ടിരിക്കുന്ന തന്റെ ആ മുഖത്ത് അയാൾ എന്തോ ഒരു

പ്രത്യേക ഭാവം ശ്രദ്ധിച്ചു. 'ഭയം' എന്ന വാക്കിന് തന്റെ നിഘണ്ടുവിൽ അർത്ഥമി-ല്ലാതിരുന്നിട്ടുകൂടി അന്നത്തെ ആ ഭാവ-ത്തിൽ ഭയത്തിന്റേതായ കൈയൊപ്പുകൾ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. "'ആരും', 'ഒന്നും' പ്രിയപ്പെട്ടതായി ഇല്ലാതിരുന്ന താൻ എന്തിന് ഭയപ്പെടണം" അയാൾ സ്വയം സമാധാനിച്ചു. സ്വപ്നങ്ങളുടെ വിശാലത-കാരണം 'സ്വയം' അയാളുടെ മുൻപിലൂടെ കുതിരയെപ്പോലെ പാഞ്ഞു.

"ശ്ശ്, ശ്ശ്" ആൾരൂപമില്ലാത്ത ഒരു അശ-രീരി അയാളെ വർത്തമാനകാലത്തേയ്ക്കു കൂട്ടികൊണ്ടുവന്നു. വെളുത്തു മെലിഞ്ഞ്, നീളൻ മൂക്കും, താടിയും ഒപ്പം പഴമയുടെ സൗന്ദര്യ പ്രതീകമായ കാർക്കൂന്തൽ' എല്ലാം ഒത്തിണങ്ങിയ ഒരു ശാലീനസുന്ദരി, "സർ, കുറച്ചു നീങ്ങാമോ . . . സ്ത്രീശബ്ദത്തിന്റെ ഏറ്റവും മെലിഞ്ഞരൂപം അപ്പോൾ ബാലചന്ദ്രൻ

മാഷ് കേട്ടു. ശരീരത്തിന്റെയോ മുഖത്തി-
ന്റെയോ ഘടനയിൽ ഒരുമാറ്റവും വരുത്താതെ
അദ്ദേഹം പതിയെ നീങ്ങി കൊടുത്തു.
തിരക്കേറിയ ആ ജനറൽ കംമ്പാർട്ട്മെന്റിൽ
ഒരു മനുഷ്യനെ ഉൾക്കൊള്ളാനാകുന്ന
ഏറ്റവും ചെറിയ സ്ഥലം അദ്ദേഹം സ്വന്ത-
മാക്കി. "അമ്മേ.. വെള്ളം" ഒരു യുവാവിന്റെ
ഗാഢമായ ശബ്ദമായിരുന്നു അത്. ആ
വെള്ളം നേരേ ചെന്നത് തന്റെ അടുത്തി-
രുന്ന ആ സ്ത്രീയുടെ നേരെയാണെന്ന്
അയാളെ അസ്വസ്ഥനാക്കി. തന്റെ കാതുക-
ളെയും കണ്ണുകളെയും വ്യക്തമാക്കാൻ
അയാൾ ശ്രമിച്ചു. ആശങ്കാഭരിതനായി തന്നെ
നോക്കിയ അയാൾക്കു മുന്നിലേയ്ക്ക് ആ
സ്ത്രീ വെള്ളം നീട്ടി "സർ, ദാ കുടിച്ചോളൂ"
അയാൾ ഒരു ശില്പത്തെപോലെ നിശ്ചല-
നായി നിന്നു. പെട്ടെന്ന് തിരികെയെത്തി,
വെള്ളത്തോടൊപ്പം ആ സ്ത്രീ തന്നെ

സ്വയം പരിചയപ്പെടുത്തി. "എന്റെ പേര്
ലത, ദാ ഇപ്പോ വെള്ളം കൊണ്ടുതന്നില്ലേ,
അതാണ് എന്റെ മകൻ ആദർശ്. അവ-
ന്റെ ഒരു ജോലി ആവശ്യത്തിനാ ഞങ്ങൾ
പോണേ," ലതയുടെ വിവരണത്തെ കൗതു-
കത്തോടെ ബാലൻമാഷ് കേട്ടിരുന്നു.
സാറിന്റെ കാര്യമൊന്നും പറഞ്ഞില്ല; എ-
ങ്ങോട്ടേയ്ക്കാ യാത്ര, കൂടെ ആരുമില്ലേ, ഭാര്യ,
മക്കൾ ഇവരൊക്കെ എന്തുചെയ്യുന്നു"?
പെട്ടന്നു നിശബ്ദത അയാളെ വലിച്ചുമുറു-
ക്കി. 'ഭാര്യ, മക്കൾ' തന്റെ ജീവിതത്തിലേ-
യ്ക്ക് ഈ നിമിഷം വരെ കടന്നുവരാത്ത
കഥാപാത്രങ്ങൾ. അല്പം സങ്കടത്തോടെയാ-
ണെങ്കിലും അയാൾ ആ യഥാർത്ഥ്യത്തെ
വിളിച്ചോതി. "ആരുമില്ല, ആരും, ഒറ്റയ്ക്കാണ്
യാത്രയിലും ജീവിതത്തിലും." സരളമായ
ഈ വാക്യത്തിലും എന്തൊക്കെയോ ഗാഢ-
മായ അർത്ഥങ്ങളുണ്ടെന്ന് ലത മനസിലാ-

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

ക്കിയിരുന്നു. ഒറ്റപ്പെടലിൽ എരിഞ്ഞമരുന്ന-
തിന്റെ തീവ്രത അയാൾ ആസ്വദിക്കുന്നു-
ണ്ടോ ലത ഒരു നിമിഷം ചിന്തിച്ചു. ഇത്
അയാളുടെ തിരുമാനമായിരുന്നോ? അതോ
സാഹചര്യങ്ങളോ? തന്റെ ചോദ്യങ്ങൾക്കൊ-
ന്നും തന്നെ ഉത്തരം ലതയ്ക്ക് ലഭിച്ചില്ല.
തന്റെ വാക്യത്തെ പൂർത്തിയാക്കിയതും
അയാൾ നിർജ്ജീവമായി ചിരിച്ചു. യഥാർത്ഥ്യ-
ത്തിൽ നിന്ന് ഒളിച്ചോടും പോലെ ഒരു ചിരി.
മറ്റൊന്നും ചിന്തിക്കാതെ ലത അന്വേഷിച്ചു
"അതെന്തുപറ്റി?" തന്റെ ആദ്യ മറുപടി
പോലെ ഒറ്റവാക്യത്തിൽ ഒതുക്കാനാവുന്ന
ഒന്നായിരുന്നില്ല, ഈ ചോദ്യത്തിന്റെ മറു-
പടി." എങ്കിലും തന്റെ മനസ്സ് അയാൾ
തുറന്നു. വർഷങ്ങൾ കടന്ന് അയാളുടെ
മനസ്സ് യൗവനത്തിൽ എത്തി.

ജീവിതത്തിൽ ഒന്നും സ്വന്തമാക്കാൻ
ഇല്ലാതിരുന്ന ഒരു മനുഷ്യൻ അതായിരുന്നു

ബാലൻമാഷ് ജീവിതത്തിൽ ഇതേവരെ ഒരു ലക്ഷ്യം കണ്ടെത്താനാവാത്ത ഒരാൾ അങ്ങനെയിരിക്കെയാണ് പലരും അന്ന് മോഹിച്ചിരുന്ന ഒരു സർക്കാർ ജോലി അദ്ദേഹത്തെ തേടിയെത്തുന്നത്. പണത്തെ ഉപയോഗിക്കാൻ സാഹചര്യങ്ങളില്ലാതിരുന്ന ബാലൻ മാഷിന് അതൊരു പ്രധാന വാർത്തയായിരുന്നില്ല. എങ്കിലും ഭൂമിയുടെ ഏത് അതിർത്തിയും കോണും അദ്ദേഹത്തി-ന് ഒരുപോലെയായിരുന്നു. അതിനാൽ തന്റെ ഇപ്പോഴത്തെ പാർപ്പിടം മാറി മറ്റൊന്നിലേയ്ക്ക് ചേക്കേറുക എന്നത് അദ്ദേഹത്തിൽ ഒരു പുതുമയും കൊണ്ടുവ-ന്നില്ല.

25-കാരൻ യുവാവിന് തോന്നാവുന്ന എല്ലാ ശങ്കയോടെയുമായിരുന്നു ബാലനും 'കിരുത്തുമൈ' എന്ന ഗ്രാമത്തിൽ എത്തി-യത്. പുതിയ കാറ്റിന്റെ മണത്തെ ആദ്യ

മൊന്നു അംഗീകരിക്കാൻ ബാലന്
കഴിഞ്ഞിരുന്നില്ല.

കാലത്തിനൊപ്പം സഞ്ചരിച്ചവർ, കാലത്തി-
ന്റെ വിളിയ്ക്ക് ജീവിതം കൊണ്ട് പ്രത്യുത്ത-
രം നൽകിയത്, കാലത്തിന്റെ വിളിയെ തന്റെ
ജീവിതത്തിന്റെ വഴിയെ കൂട്ടികൊണ്ടുപോയ-
വർ. അങ്ങനെയായിരുന്നു 'കുരുത്തുമൈ'
ജനനിവാസികളെ അയാൾ വിശേഷിപ്പിച്ചി-
രുന്നവർ. 'അധ്യാനം' എന്ന വാക്കിന്റെ
ഏറ്റവും ഉന്നതമായ നേർകാഴ്ച ബാലൻ
അവിടെ കണ്ടു. ജീവിതത്തിന്റെ വൈകാ-
രിക നിമിഷങ്ങളിൽ തങ്ങളുടെ ജീവിത-
ങ്ങളെ കെട്ടിയിടാൻ ആ ഗ്രാമനിവാസികൾ
തയ്യാറായിരുന്നില്ല. 'ബാലൻ' പതിയെ
'ബാലൻ മാഷായി' പരിണമിച്ചു. ആ വിളി-
യ്ക്ക് ഒരുപാട് അർത്ഥങ്ങളുണ്ടായിരുന്നു.
കുട്ടികൾക്ക് ട്യൂഷൻ എടുക്കുന്ന മാഷ്,
അക്ഷരവിദ്യാഭ്യാസമില്ലാതിരുന്ന ഗ്രാമവാ-

സികൾക്ക് അക്ഷരങ്ങളെ പരിചയപ്പെടുത്തി-
യ മാഷ്; അങ്ങനെ ഒട്ടേറെ വിശേഷണ-
ങ്ങൾ. കുരുത്തുമല എന്ന ഗ്രാമത്തിന്
വാലൻമാഷ് ഒഴിച്ചുകൂടാനാവാത്ത
ഘടകമായി മാറിയിരുന്നു. ജീവിതം തന്നി-
ലേക്കുതന്നെ ഒതുങ്ങിമാറുന്ന ആ നിമി-
ഷത്തിലായിരുന്നു ശിലേലയുടെ കടന്നു-
വരവ്. 'പ്രണയം' എന്ന മൂന്നക്ഷരത്തിന്റെ
അർത്ഥത്തെ ഗ്രഹിക്കാൻ കഴിയാതെപോ-
യ ആ യുവാവ് അതിന്റെ അർത്ഥം
മനസ്സിലാക്കി തുടങ്ങിയ അപൂർവ്വ നിമിഷ-
ങ്ങൾ. 'പ്രണയം' എന്നത് കേവലം ശരീ-
രങ്ങൾ ഒരുമിക്കുകമാത്രമല്ലെന്ന് അവർ
തെളിയിച്ചു. ശരീരങ്ങൾക്കിടയിലെ അകൽ-
ച്ച അവരെ അലട്ടിയിരുന്നില്ല. ശരീരത്തി-
ന്റെ ചൂടില്ലാതെതന്നെ ആ മനസുകൾ
ഉരുകിച്ചേർക്കപ്പെട്ടിരുന്നു. സ്വപ്നങ്ങൾ
നെയ്തുകൂട്ടുന്ന ഒരു നെയ്ത്തുശാലയായി

രുന്നു ചിന്നിടുള്ള ദിനങ്ങളൊക്കെയും.
പക്ഷേ വിധി . . . വിധിയെന്നു തന്നെയാ-
ണോ വിശേഷിപ്പിക്കേണ്ടത് എന്നറിയാത്ത
സാഹചര്യം. മനസുകൾ പൊട്ടി ഉടഞ്ഞ
നിമിഷങ്ങൾ. അപ്രതീക്ഷിതമായി കടന്നു-
വന്ന അതിഥി അപ്രതീക്ഷിതമായി തന്നെ
ഇറങ്ങിപോയി. 'പോയി' എന്ന പദപ്രയോ-
ഗം ശരിയല്ല, 'പോകേണ്ടിവന്നു.' എന്ന-
ന്നോര്ക്കുമായി, പരസ്പരം യാത്ര പറച്ചിൽ
അവർക്കിടയിൽ ഉണ്ടായിരുന്നില്ല. പക്ഷേ
ദൂരെയിരുന്നുകൊണ്ടും മനസുകൾ ആശയ-
ങ്ങൾ കൈമാറിയിരുന്നു. ശൂ, ശൂ . . .
മാഷേ . . . സ്വപ്നങ്ങളുടെ അകത്തളങ്ങ-
ളിൽ അകപ്പെട്ടുപോയ അദ്ദേഹത്തെ
വീണ്ടും ആ അശരീരി ~~ഉണർ~~ ഉണർത്തി.
65 ഉം, 60 ഉം വയസുള്ള വൃദ്ധർ എന്നു-
വിശേഷിപ്പിച്ച ~~ല~~ ലതയും, ബാലനും ആ
സമയങ്ങളിൽ യൗവനത്തിലേക്ക് വീണ്ടും

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

Item Code: 950 Participant Code: 324

നടന്നടുത്തു. വാക്കുകൾക്ക് അവർക്കിടയിൽ സ്ഥാനമുണ്ടായിരുന്നില്ല. ആ ജനറൽ കംപാർട്ടുമെന്റിലെ ശബ്ദകോലാഹലങ്ങൾ ഒന്നും തന്നെ ഇരുവരെയും ബാധിച്ചിരുന്നില്ല. സമയം വീണ്ടും കുതിരയെപ്പോലെ പാഞ്ഞു. മകൻ വീണ്ടും എത്തി. അമ്മേ വാ ഇറങ്ങാം., അല്പം മടിയോടെയെങ്കിലും ലത ബാലനെ നോക്കി. 25 വയസുകാരനായ തന്റെ മുഖത്ത് അന്ന് കണ്ട വിശേഷിപ്പിക്കാനാവാത്ത മറ്റൊരു ഭാവം ബാലൻ അപ്പോൾ ലതയുടെ മുഖത്ത് കണ്ടു. യാത്രപറച്ചിൽ മൗനം നിറഞ്ഞതായിരുന്നു.

ചന്ദ്രൻ പൂർണ്ണശോഭയോടെ ആകാശത്തു തെളിഞ്ഞു. ഒടുവിൽ ഇറങ്ങേണ്ട സ്ഥലം എത്തി. ഇതുവരെയുള്ള എല്ലാ ഭാവങ്ങളെയും മറികടന്ന് 'സന്തോഷം' ആ മുഖത്തേയ്ക്കു തിരിച്ചെത്തി.

സ്റ്റേഷനിൽ നിന്ന് നേരേ ബേക്കറിയി-
ലേയ്ക്ക് 65 വയസുകാരൻ ബാലൻ ആ
ബേക്കറിയിലെ എല്ലാ പലഹാരങ്ങളും
തന്നെ ചെറുസഞ്ചിയിൽ നിറച്ചു. "കുരുത്തു-
മല" എന്ന ആ ഗ്രാമം രാത്രിയിൽ
ഒരു പ്രത്യേക സൗന്ദര്യത്തോടെ തിളി-
ങ്ങി. ബാലൻ നേരെ നടന്നു. സമയത്തി-
ന്റെ സൂചികളെ കീഴടക്കും വിധം വേഗ-
ത്തിൽ. ആ യാത്ര ചെന്ന് അവസാനി-
ച്ചത് ശ്രീലേഖയുടെ ആ പഴയ ~~ആ~~
തറവാട്ടിൽ. നാലഞ്ച് ആനകൾ നിരന്നു-
നിന്ന ~~ആ~~ തറവാട്ടിൽ ഇന്ന് പകരം
ആഡംബര വാഹനങ്ങളാൽ. മക്കളുടേ-
തായിരിക്കും , ശ്രീലേഖയ്ക്ക് എത്ര മക്കളാ-
ണോ ആവോ ~~ആ~~ അവർക്കെല്ലാവർക്കും
ഈ പലഹാരങ്ങൾ തികയുമോ? ഞാൻ
ആരാണെന്നുപറയും ? ഹാ! അത് ശ്രീലേ

-വ പറയുമായിരിക്കും തന്റെ പഴയ സുഹൃത്താണെന്ന്, ഇനി തന്നെ ഭർത്താവ് ശ്രീലേഖയെ സംശയിക്കുമോ? വീണ്ടും ആ മനസിൽ ചോദ്യവലി നിറഞ്ഞു.

നേരെ അകത്തേയ്ക്ക്. എന്താ ഇത്ര വൈകിയത്, ഇതുവരെ പരിചയമില്ലാത്ത ഒരു മുഖമാണ്, അയാളെ സ്വാഗതം ചെയ്തത് കർമങ്ങളൊക്കെ കഴിഞ്ഞിരിക്കുന്നു ദാ അവിടെയാണ് അയാൾ നേരെ കൈചൂണ്ടി. അതൊരു അസ്ഥിത്തറയാണ്. ബാലൻ നടുക്കത്തിൽ ശ്രീലേഖയെ തിരക്കി. ശ്രീലേഖ അയാൾ അന്വേഷിച്ചു. ഹാ അതുതന്നെ ശ്രീ ഇപ്പോ അവിടെയാല്ലേ, മോനെ... അയാൾ വിതുമ്പി. പലഹാരങ്ങൾ ആ ഉമ്മറത്തുകൂടി ഉരുണ്ടു. അയാൾ നേരേ നടന്നു. ഒരു തിരിവുണ്ട് നല്ല വെളിച്ചവും. ഞാൻ വൈകി അല്ലേ? അയാൾ ശ്രീലേഖയോട് പരിഭവിച്ചു.

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാം കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

Item Code: 950 Participant Code: 324

ആ ചരിത്രം വീണ്ടും കണ്ണീരായി.
അപ്പോ എന്നെ പോലെ നീയും..?
എന്തിനുവേണ്ടി...? ആർക്കുവേണ്ടി..?
വീടിനകത്ത് എല്ലാവരും തങ്ങളുടേതായ
തിരക്കുകളിലാണ്. അയാൾ നേരെ അക-
ത്തുചെന്ന് ഉരുണ്ടുവീണ ഒരു പലഹാരം
എടുത്തു, അ തന്റെ തോർത്തിൽ അ-
തിലെ പൊടികൾ തൂത്ത് ശ്രീലേഖയ്ക്ക്
കൊടുത്തു. അയാൾ തന്റേതായ ഒരു
ലോകം സൃഷ്ടിച്ചു. ആ ലോകത്ത്
അയാളും, ശ്രീരേഖയും മാത്രമായിരുന്നു
കഥാപാത്രങ്ങൾ. അപ്രതീക്ഷിതമായി
കടന്നുവന്ന് സമയത്തിന്റെ നെട്ടോട്ടത്തി-
ൽനിന്നാഷ്ടപ്പെട്ടുപോയ കഥാപാത്രങ്ങൾ...

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)